**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5549** **15-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പല ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വന്തമായി കെട്ടിടമില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ വാർഷിക പദ്ധതി പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇൻ ഡയറി കോ-ഓപ്പറേറ്റീവ്സ് പദ്ധതി പ്രകാരം ഫാമേഴ്സ് ഫെസിലിറ്റേഷൻ കം - ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി (ധനസഹായം ₹5,25,000/-), ഹൈജീനിക്ക് മിൽക്ക് കളക്ഷൻ റൂം നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി (ധനസഹായം- ₹3,75,000/-), കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിനായി ആവശ്യാധിഷ്ഠിത ധനസഹായം പദ്ധതി (ധനസഹായം- ₹1,20,000/-) എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ എം.എൽ.എ.മാരുടെ ആസ്തി വികസന, പ്രാദേശിക വികസന ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ എം.എൽ.എ മാരുടെ ആസ്തി വികസന, പ്രാദേശിക വികസന ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വിവിധ ക്ഷീര സംഘങ്ങളിൽ നടത്തിയിട്ടുണ്ട്. |
| (ഡി) | ബാലുശ്ശേരി മണ്ഡലത്തിലെ വാകയാട് ക്ഷീര സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ബാലുശ്ശേരി മണ്ഡലത്തിലെ വാകയാട് ക്ഷീര സഹകരണ സംഘത്തിന്റെ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ